**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1157** **02-02-2026 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ പറമ്പന്തളി റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ സ്ഥാപിച്ച ശേഷം റെസ്റ്റോറേഷൻ പ്രവൃത്തികൾ യഥാസമയം നടപ്പിലാക്കാത്തതിനാൽ മണലൂർ നിയോജകമണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിലെ പറമ്പന്തളി റോഡ് ഗതാഗതയോഗ്യമല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നതെന്തുകൊണ്ടെന്ന് അറിയിക്കാമോ; | (ബി) | പറമ്പന്തള്ളി - മാനിന റോഡിൽ ഇടതുവശത്തും പൈപ്പ് സ്ഥാപിക്കുവാനുണ്ട്. ആയത് പൂർത്തിയാക്കിയാൽ മാത്രമേ റോഡ് PMGSY ക്ക് കൈമാറാൻ സാധിക്കുകയുള്ളൂ. |
| (സി) | പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | പാവറട്ടി, മുല്ലശ്ശേരി ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന RKI പാവറട്ടി മുല്ലശ്ശേരി കുടിവെള്ള പദ്ധതിയുടെ പൈപ്പിടുന്നതിനായി പൊളിച്ചിരുന്ന പറമ്പന്തള്ളി മാനിന റോഡിന്റെ പുനർനിർമ്മാണത്തിന് 93,48,470/- രൂപ PMGSY ക്കും മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ ഈ പ്രവൃത്തിക്ക് വേണ്ടി പൊളിക്കേണ്ടിവന്ന ഇതര റോഡുകളുടെ പുനർനിർമ്മാണത്തിനായി 6,87,30,000/- രൂപ ഗ്രാമപഞ്ചായത്തിനും കൈമാറിട്ടുണ്ട്. പറമ്പന്തള്ളി-മാനിന റോഡിൽ ഇടതുവശത്തും പൈപ്പ് സ്ഥാപിക്കുവാനുണ്ട്. ആയത് പൂർത്തിയാക്കിയാൽ മാത്രമേ റോഡ് PMGSY-ക്ക് കൈമാറാൻ സാധിക്കുകയുള്ളൂ. പ്രവൃത്തി 2026 മാർച്ച് 31 നുള്ളിൽ പൂർത്തീകരിക്കുവാൻ കരാറുകാരന് നിർദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (ഡി) | 2026 മാർച്ച് 31 നുള്ളിൽ പൈപ്പ് സ്ഥാപിച്ച് PMGSY ക്ക് കൈമാറാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ